# കേരള സർവകലാശാല

നം.പി.ആർ.211/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവ

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി അനലിറ്റിക്കൽ/അപ്ലൈഡ് കെമിസ്ട്രി പരീക്ഷകളുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ 10 മുതൽ 18 വരെയും എം.എ ഹിസ്റ്ററി പരീക്ഷയുടെ വൈവ ഒക്ടോബർ 14 മുതൽ 18 വരെയും നടത്തുന്നതാണ്.

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 23 മുതൽ നടത്തുന്നതാണ്.

വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 ഒക്ടോബറിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.പി.എഡ് (രണ്ടു വർഷ കോഴ്സ് – റെഗുലർ ആന്റ് സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ബി.പി.എഡ് (രണ്ടു വർഷ കോഴ്സ് – റെഗുലർ) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

2019 ഒക്ടോബർ 22 ന് ആരംഭിക്കുന്ന സി.ബി.സി.എസ് മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷകളുടെ (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014, 2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സി.ബി.സി.എസ്/പി.ജി പരീക്ഷ തീയതി

2019 – 20 അദ്ധ്യയന വർഷത്തിൽ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തുന്ന സി.ബി.സി.എസ്/പി.ജി പ്രോഗ്രാമുകളുടെ വിവിധ പരീക്ഷകളുടെ സെമസ്റ്റർ പ്രകാരമുള്ള പരീക്ഷാ വിജ്ഞാപന തീയതിയും, പരീക്ഷ ആരംഭിക്കുന്ന തീയതിയും യഥാക്രമം ചുവടെ ചേർക്കുന്നു. സി.ബി.സി.എസ് – ഒന്നാം സെമസ്റ്റർ – സെപ്റ്റംബർ 26, 2019 നവംബർ 11, രണ്ടാം സെമസ്റ്റർ – 2020 മാർച്ച് 3, ഏപ്രിൽ 13, മൂന്നാം സെമസ്റ്റർ (2018 – 19 അഡ്മിഷൻ) – 2019 സെപ്റ്റംബർ 18, ഒക്ടോബർ 22, നാലാം സെമസ്റ്റർ – 2020 ഫെബ്രുവരി 3, മാർച്ച് 3, അഞ്ചാം സെമസ്റ്റർ (2017 – 18 അഡ്മിഷൻ) – 2019 ഒക്ടോബർ 25, ഡിസംബർ 4, ആറാം സെമസ്റ്റർ – 2020 ഫെബ്രുവരി 17, മാർച്ച് 23. പി.ജി – ഒന്നാം സെമസ്റ്റർ – 2019 സെപ്റ്റംബർ 18, ഒക്ടോബർ 28, രണ്ടാം സെമസ്റ്റർ

– 2020 ഫെബ്രുവരി 14, മാർച്ച് 9, മൂന്നാം സെമസ്റ്റർ (2018 – 19 അഡ്മിഷൻ) – 2019 നവംബർ 7, ഡിസംബർ 11, നാലാം സെമസ്റ്റർ – 2020 മാർച്ച് 4, മെയ് 7.

## പരീക്ഷാഫീസ്

2019 നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി (PGDGIST) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരയും 150 രൂപ പിഴയോടെ ഒക്ടോബർ 21 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 23 വരെയും സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 – 20 അദ്ധ്യയന വർഷത്തെ ഒന്നാം സെമസ്റ്റർ (ബി.എ/ബി.എസ്.സി) ബിരുദ വിദ്യാർത്ഥികളുടെ സമ്പർക്ക ക്ലാസുകൾ ഒക്ടോബർ 12 മുതൽ എല്ലാ ശനിയും ഞായറും നടത്തുന്നതാണ്. സമയം 9.30 – 4.30 വരെ. വിദ്യാർത്ഥികൾ എസ്.എൽ.എമ്മും ഐ.ഡി കാർഡ് / ഫീ രസീതുമായി ഹാജരാകേണ്ടതാണ്. ബി.എ (എക്കണോമിക്സ്, മലയാളം, ഹിന്ദി, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി) എന്നീ കോഴ്സുകൾ കാര്യവട്ടം കാമ്പസിൽ വെച്ചും ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്, ബി.സി.എ., ബി.എ ഇംഗ്ലീഷ്, ബി.എൽ.ഐ.സി കോഴ്സുകൾ എസ്.ഡി.ഇ പാളയത്ത് വെച്ചും ബി.എ (ഇംഗ്ലീഷ്, ഹിസ്റ്ററി, സോഷ്യോളജി, മലയാളം) എന്നീ കോഴ്സുകൾ ബി.എഡ് സെന്റർ, തേവള്ളി, കൊല്ലത്ത് വെച്ചും നടത്തുന്നതാണ്. ആലപ്പുഴ സെന്റർ തെരഞ്ഞെടുത്തവർ കൊല്ലം സെന്ററിൽ ക്ലാസിന് ഹാജരാകേണ്ടതാണ്.

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 'Contribution of Yogasastra in the Modern Era' എന്ന ദേശീയ സെമിനാറിലേക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. പ്രബന്ധങ്ങൾ ഒക്ടോബർ 20 നകം vijayaisavasyam@gmail.com എന്ന ഇ-മെയിലേക്ക് അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9446409948

## അപേക്ഷ ക്ഷണിക്കുന്നു

നിയമ വകുപ്പിന് കീഴിൽ നടത്തി വരുന്ന മൂന്ന് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹ്യൂമൻ റൈറ്റ്സ് കോഴ്സിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ആകെ സീറ്റ് 40. യോഗ്യത: പ്ലസ്ടു. സൗജന്യമായി നടത്തുന്ന ഈ കോഴ്സിന് അപേക്ഷ, ബയോ ഡാറ്റ, യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ സഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് ലോ, കേരള സർവകലാശാല, കാര്യവട്ടം കാമ്പസ് എന്ന വിലാസത്തിൽ അപേക്ഷിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 1. വിശദവിവരങ്ങൾക്ക്: 0471 – 2308936

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലയോള കോളേജിൽ നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ബിരുദം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 19. ഫോൺ: 0471 – 2592059, 2591018.

തിരുവനന്തപുരം.

09.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**